കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അന്നമനട ഗ്രാമപഞ്ചായത്ത്
## 2015-16
## ഓഡിറ്റ് റിപ്പോർട്ട്

## തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.(പി4)2106/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
തിയതി 30.01.2017
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്നമനട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)2106/16 തിയ്യതി 30.01.2017

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 22.11.16 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.16 മുതൽ 29.11.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| റസിയ ബീവി .ജെ | ഓഡിറ്റ് ഓഫീസർ |
| വിജയശ്രീ.പി | അസി.ഓഡിറ്റ് ഓഫീസർ |
| സ്റ്റാൻലി പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സോന കെ. സത്യൻ | ഓഡിറ്റർ |

നിർവ്വഹണാധികാരി

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ. ടി.കെ സതീശൻ | 01.04.2015മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീമതി. ടെസ്സി ടൈറ്റസ് | 19.11.2015 മുതൽ 31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| സ്റ്റാനി വർഗ്ഗീസ് | 1.04.2015മുതൽ 31.03.2016വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ഐവിൻ ഗോഡ്വിൻ ഡിസിൽവ | 1.04.15 മുതൽ 25.05.15വരെ ( 29.5.15 വരെ ഒഴിവ്) |
| | ജോർജ്ജ് ജോസഫ് | 29.05.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ ഗവ: ഹോമിയോ ഡിസ്പെൻസറി | ഡോ. ബിന്ദു എസ്. ഭാസ്കർ | 1.04.15 മുതൽ 16.06.15വരെ (1.07.15 വരെ ഒഴിവ്) |
| | ഡോ. ശ്യാമള കെ.കെ | 1.07.2015മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ ഗവ: ആയുർവേദ ഡിസ്പെൻസറി | ഡോ. യു.പി സുധ മേനോൻ | 1.04.15 മുതൽ 28.06.15(FN)വരെ |
| | ഡോ. ദീപ വിജയൻ. ആർ | 28.06.15മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | സിന്ധുകമാരി ജി.എസ് | 1.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ (മേലഡൂർ) | ഗിരിജദേവി വി.ബി | 1.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ (വെസ്റ്റ് കൊരട്ടി) | ആന്റോ മാർട്ടിൻ | 01.04.2015മുതൽ 22.07.15വരെ |
| | ജോയ് എം.ജെ | 22.07.2015 മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുജാത .കെ | 1.04.15 മുതൽ 19.08.15വരെ (22.9.15 വരെ ഒഴിവ്) |
| | സിൽവി. കെ.ഡി | 22.09.2015 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.ഒ, സുരേന്ദ്രൻ | 1.04.15 മുതൽ 31.03.16വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | വിധു വി.എസ് | 1.04.15 മുതൽ 31.03.16വരെ |
| ഹെഡ്മിസ്ട്രസ്സ് | ഡെയ്സി സെബാസ്റ്റ്യൻ | 1.04.15 മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ക്ഷേമ പദ്ധതികൾ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | പരസ്യനികുതി ലേലം - അപാകതകൾ | 2-1 |
| 13 | പണമാക്കാത്ത ചെക്കുകൾ-വരവ് വക്കേണ്ടതാണ് | 2-2 |
| 14 | തൊഴിൽ നികുതി അടവാക്കുന്നില്ല | 2-3 |
| 15 | ഡി.ആന്റ്.ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 2-4 |
| | ഭാഗം 3 | |
| 16 | അന്നമനട മാമ്പ്ര ഹെൽത്ത് സെൻറർ ഉപയോഗ്യമാക്കിയിട്ടില്ല | 3-1 |
| 17 | കമ്പ്യൂട്ടർ-പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-2 |
| 18 | തെരുവ് വിളക്കുകൾ - പരിപാലനം, രജിസ്റ്റർ സൂക്ഷിപ്പ്-അപാകത | 3-3 |
| 19 | പൊതുടാപ്പുകളുടെ വിവരം - രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-4 |
| 20 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-5 |
| 21 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല | 3-6 |
| 22 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3-7 |
| 23 | പ്രത്യേക കന്നുകുട്ടിപരിപാലനം | 3-8 |
| 24 | എസ്.എസ്.എ – അധികം നൽകിയ പഞ്ചായത്ത് വിഹിതം ക്രമീകരിക്കേണ്ടതാണ്. | 3-9 |
| 25 | ആശ്രയ പദ്ധതി | 3-10 |
| 26 | ജലനിധി പ്രോജക്ട് | 3-11 |
| 27 | ക്ഷേമപെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം | 3-12 |
| 28 | തൊഴിലുറപ്പ് പദ്ധതി | 3-13 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 34 | ഓഡിറ്റ് റിക്കവറി | 4.6 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തിയ്യതിയിലെ തീരുമാനം (1-3/15) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 112992728/- രൂപയും, ചെലവ് 103824714/- രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 18.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)വസ്തുനികുതി കുടിശ്ശിക കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2)2014-15 വർഷത്തെ വസ്തുനികുതി കണക്കുകളിലെ അപാകതകൾ പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

3)നാളിതുവരെയുള്ള ആസ്തി/ബാധ്യതകളുടെ മൂല്യം നിർണ്ണയിച്ച് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

4)അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്- 33415409.20

വരവ്– 90243112

ആകെ- 123658521.20

ചെലവ്– 103228214

നീക്കിയിരിപ്പ് – 20430307.20

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4541246 | 5527678 (TC) + 2917758 (con.fund) | 12986682 | 12986682 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1068061 | 5254334 (con.fund) | 6322395 | 6107556 + 10000 Refund | 204839 (TC to VPF II a) | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 2000 | nil (con.fund) | 2000 | 0 | 2000 (TC to VPF II a) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1042697 | 6677662 (con.fund) | 7720359 | 7631675+ 88684(Non road ) | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 238520 | 88684 ( road )+ 2708447 (con.fund) | 3035651 | 3035651 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 524600 | 2002416 (allotment)+ 4379704 (con.fund) | 6906720 | 5136600 | 1770120 (TC to VPF II a) | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 4605839 | 2869460 | 7475299 | 3924580 | 3550719 (TC to VPF II a) | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 140 | 52496444 | 110 | 42681420 | 21 | 9 | 78.57 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.35 % കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7899572 | 4534224 | -3365348 | -42.6 |
| നികുതിയേതര വരവുകൾ | 1611399 | 1644941 | 33542 | 2 |
| മറ്റുവരവുകൾ | 46670 | 289 | -46381 | -99 |
| ആകെ | 9557641 | 6179454 | -3378187 | -35.35 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.16 തിയതിയിൽ 3.45 P.Mന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39554/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 142560 | 90 |
| കർഷകത്തൊഴിലാളി പെൻഷൻ | 6956670 | 909 |
| വിധവപെൻഷൻ | 12298680 | 1262 |
| വാർദ്ധക്യ കാലപെൻഷൻ | 13200060 | 1755 |
| വികലാംഗപെൻഷൻ | 2465470 | 291 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 720280 | 89 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 150000 | 6 |

| | | |
|---|---|---|
| വിവാഹ ധനസഹായം | | |

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം

1. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. അനധികൃത നിർമ്മാണം, കെട്ടിടം പൊളിച്ചുകളഞ്ഞത്, നികുതി ഒഴിവാക്കൽ എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയില്ല.

രജിസ്റ്ററുകൾ കൃത്യമായും പൂർണ്ണമായും സൂക്ഷിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 7.11.16 | ഒക്ടോബർ 2016 | 18.11.2016 |
| അക്കൗണ്ടന്റ് ജനറൽ | 1.4.13-15.4.13 | 2008-09, 2012-13 | 2.09.13 |

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ലേലം - അപാകതകൾ

2015-16 വർഷത്തേയ്ക്കുള്ള പരസ്യനികുതി 17650/- രൂപയ്ക്ക് ദീപ മധുസൂദനൻ എന്ന വ്യക്തി ലേലം കൊണ്ടിട്ടുള്ളതും 16.03.15 ലെ 4(5)-ാം തീരുമാനപ്രകാരം കമ്മിറ്റി ലേലം അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ലേലതുക അടവാക്കിയതിൽ കാലതാമസം കാണുന്നു. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| രശീതി നമ്പർ / തിയതി | തുക |
|---|---|
| 1140813558/13.03.15 | 1000 |
| 11508103932/22.02.16 | 5000 |
| 11508104501/4.03.16 | 10000 |
| 11508104574/9.03.16 | 1650 |

അപാകതകൾ

1. ലേലതുക ലഭ്യമായതിന് ഒരു വർഷത്തോളം കാലതാമസം വന്നു.

2.ലേലം താല്ക്കാലികമായി ഉറപ്പിച്ച ഉടൻ ലേല സംഖ്യ മുഴുവനും കെട്ടിവയ്ക്കേണ്ടതാണ് എന്ന ലേല നിബന്ധന പാലിച്ചിട്ടില്ല.

ലേലതുക ലഭ്യമാകുന്നതിനുണ്ടായ കാലതാമസം മൂലം പഞ്ചായത്തിന് വരവ് നഷ്ടമുണ്ടായി. നഷ്ടമായി 1000 രൂപ ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലനിബന്ധന പാലിക്കുവാനും പഞ്ചായത്തിന് വരവ് നഷ്ടം വരാതിരിയ്ക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 2-2 പണമാക്കാത്തചെക്കുകൾ-വരവുവക്കേണ്ടതാണ്

TDCB,അന്നമനടയിലെ തനത്ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം 10725010921) 31.3.2016 തിയതിയിലെ ബാങ്ക്ബുക്ക് നീക്കിയിരിപ്പും ബാങ്ക്പാസ്സ് ബുക്ക് നീക്കിയിരിപ്പും തമ്മിൽ റീകൺസിലിയേഷൻ നടത്തിയതിൽ 101533/-രൂപ 'Cheque issued but not presented to Bank' -ആണ്.

ഈ തുകയിൽ താഴെ പറയും പ്രകാരം കാലപ്പഴക്കം ചെന്ന ചെക്കുകൾകാണുന്നു.

| ചെക്ക് നം | തിയതി | തുക |
|---|---|---|
| 448094 | 29.11.12 | 100 |
| 450930 | 26.8.13 | 450 |
| 3070 | 13.2.14 | 235 |
| 30103 | 12.3.14 | 473 |
| 3170 | 8.4.14 | 550 |

| | | |
|---|---|---|
| 520901 | 7.2.15 | 18384 |
| 520902 | 7.2.15 | 676 |

മേൽ പറഞ്ഞ തുകകൾ ഇപ്പോഴും പണമാക്കാത്ത ചെക്കുകളായി തുടരേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇല്ലാത്തപക്ഷം ടി തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി അടവാക്കുന്നില്ല

തൊഴിൽ നികുതി ആവശ്യപ്പെട്ടു കൊണ്ട് ദേവസ്വം ഓഫീസർ അന്നമനടയ്ക്ക് C1-9/15/1.01.16 നമ്പറായി സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട് . എന്നാൽ ടി സ്ഥാപനം റിട്ടേൺസ് സമർപ്പിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാതെ ജോലിയിലേർപ്പെട്ടിരിയ്ക്കുന്ന ഏതോരാളും തൊഴിൽ നികുതി അടവാക്കാണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 205 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കാത്തതിനാൽ 257-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിയ്ക്കാവുന്നതാണ്.

## 2-4 ഡി.ആന്റ്.ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിയ്ക്കുന്നു

ഗ്രാമപഞ്ചായത്ത് X-ാം വാർഡിൽ ലക്കി കുടുംബശ്രീ, ഉമിക്കരി യൂണിറ്റ് ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കാനുതകുന്ന നടപടികളെടുക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അന്നമനട മാമ്പ്ര ഹെൽത്ത് സെൻറർ ഉപയോഗ്യമാക്കിയിട്ടില്ല

പ്രോജക്ട് - അന്നമനട മാമ്പ്ര ഹെൽത്ത് സെൻറർ നിർമ്മാണം

പ്രോജക്ട് നം - 107/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് എഞ്ചിനീയർ

അടങ്കൽ - 17,32,000

ചെലവ് - 17,32,000

തുക - 851730/- ഡിഡി നം - 482785/18.11.15

തുക - 4,78,289/- ഡിഡി നം - 484947/31.3.16

തുക - 102161/- ഡിഡി നം - 484946/31.3.16

ഫണ്ട് - വികസന ഫണ്ട് (ലോകബാങ്ക് സഹായം) - 16,29,839/-

വികസന ഫണ്ട് 1,02,161/- (ധനകാര്യ കമ്മീഷൻ അവാർഡ്)

മേൽ പ്രോജക്ട് പ്രകാരം 17,32,000/- രൂപ മുടക്കി നിർമ്മാണം പൂർത്തിയാക്കിയ ഹെൽത്ത് സെൻറർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഡിറ്റ് ടീമും പഞ്ചായത്തിലെ എഞ്ചിനീയറിംഗ് സ്റ്റാഫും സംയുക്തമായി നടത്തിയ സ്ഥല പരിശോധനയിൽ ടി കെട്ടിടം പുല്ലുകൾ പടർന്ന് പിടിച്ച് കിടക്കുന്നതായാണ് കണ്ടത്. വൈദ്യുതിയും, വെള്ളവും ലഭ്യമാക്കി ഹെൽത്ത് സെൻറർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 കമ്പ്യൂട്ടർ-പ്രത്യേകസ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സർക്കുലർ നം 86/2010/ഫിൻ/തിയതി.24.9.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ ,സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകരജിസ്റ്റർ വേണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ നാളിതുവരെ വാങ്ങിയ എല്ലാ കമ്പ്യൂട്ടറുകളുടെയും അനുബന്ധഉപകരണങ്ങളുടെയും സ്റ്റോക്ക് മേൽ നിർദ്ദേശ പ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾ - പരിപാലനം, രജിസ്റ്റർ സൂക്ഷിപ്പ്-അപാകത

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ തനത് വർഷം തനത് ഫണ്ടിൽ നിന്നും 22,20,606/- രൂപ അടച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി

ഉപയോഗശൂന്യമായവ കണ്ടെത്തി കറന്റ് ചാർജ് ക്രമീകരിക്കേണ്ടതാണ്. വാർഡ് തിരിച്ച് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വ്യക്തമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഇതു സംബന്ധിച്ച വ്യക്തമായ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-4 പൊതുടാപ്പുകളുടെ വിവരം - രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്ട്രീറ്റ് ടാപ്പുകൾക്ക് ഓഡിറ്റ് വർഷം വാട്ടർചാർജിനത്തിൽ തനതുഫണ്ടിൽ നിന്നും 13,28,256/-രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ട്രീറ്റ് വാട്ടർ ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം, ഉപയോഗം ഇവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇവ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആകെ ടാപ്പുകളുടെ എണ്ണം , ജലം ലഭ്യമാകുന്ന ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഈ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കു വാട്ടർചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-5 എസ്.സി.സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ-കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

പ്രോജക്റ്റ് നം-S0142/16
നിർവ്വഹണം-അസി.സെക്രട്ടറി

അടങ്കൽ-എസ്.സി.പി- 4,39,603

ചെലവ്- ട്രഷറി ബിൽ നം-16/19.3.16 ₹ 4,29,009/-

ഡിഡി നം- 484335/19.3.16, ₹156420/-, KREWS ന് നൽകിയത്

ഡിഡി നം -484352/19.3.16, ₹233449/-, KSEB,അന്നമനടയ്ക്ക് നൽകിയത്

ഡിഡി നം -484353/19.3.16, ₹39140/-, KSEB കൊരട്ടിക്ക് നൽകിയത് ]

KREWS ന്റെ ഇൻവോയ്സ് നം.962/8.3.16 പ്രകാരം 90 എണ്ണം 1x36/40 single tubeset ന്റെ വിലയും ആയതിന്റെ ഇൻസ്റ്റലേഷൻ ചാർജും അടക്കം 1,56,420/-രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ അന്നമനട KSEB യുടെ കണക്കുകൾ പ്രകാരം 53 എണ്ണവും കൊരട്ടി KSEBയുടെ കണക്കുകൾ പ്രകാരം 20 എണ്ണവും മാത്രമാണ് (ആകെ73) പുതുതായി സ്ഥാപിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ,വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പ്രകാരം 83 എണ്ണം ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു,7 എണ്ണം ബാക്കിയുണ്ട്. KSEB കൊരട്ടിയുടെ എസ്റ്റിമേറ്റ് 20 എണ്ണം സ്ഥാപിക്കുന്നതിനാണ് .KSEB,അന്നമനടയുടെ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിൽ 53 ട്യൂബ്സെറ്റ് സ്ഥാപിക്കുന്നതിനാണ് ലൊക്കേഷൻ നിശ്ചിക്കപ്പെട്ടിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ആകെ 73 എണ്ണം മാത്രമാണ് വാങ്ങേണ്ടതുള്ളൂ, 90 എണ്ണം വാങ്ങി,ആയതിന്റെ ഇൻസ്റ്റലേഷൻ ചാർജും ക്രൂസിന് കൈമാറി. എസ്.സി സങ്കേതങ്ങളിലേക്ക് എത്ര എണ്ണം ട്യൂബ്സെറ്റ് വാങ്ങണമെന്നതുസംബന്ധിച്ച് മുൻകൂട്ടി കൃത്യമായ കണക്ക് തയ്യാറാക്കിയിട്ടില്ല. പ്രത്യേക ഘടകപദ്ധതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ മറ്റുവിഭാഗങ്ങൾക്കായി വിനിയോഗിക്കാനാവാത്തതിനാൽ ഇപ്രകാരം ആവശ്യം കണക്കാക്കാതെ ട്യൂബ്സെറ്റ് വാങ്ങിയത് ശരിയായ നടപടിയല്ല. 90 എണ്ണത്തിൽ ബാക്കിയുള്ള 7 എണ്ണത്തിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനമെടുത്ത് ആയത് എത്രയുംവേഗം ക്രൂസിന്റെ സഹായത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയോ അധികമായി നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

*പ്രൊജക്റ്റിന്റെ പേര്*-ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ,പ്രോജക്റ്റ് നം-*S0035/16*

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ-മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ്-1,00,000

ചെലവ്-ട്രഷറി ബിൽ നം-1/15-16/31.12.15 , ₹ 1,00,000/-(ഡിഡി നം 483025/31.12.15)

ഹോമിയോ ഡിസ്പെൻസറിക്കു മരുന്നുവാങ്ങുന്നതിനായി മേൽപറഞ്ഞ പ്രകാരം 1,00,000/- രൂപ മാനേജിംഗ് ഡയറക്ടർ, KSHCP, ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3/28.11.16 ന മറുപടിയായി നാളിതുവരെ മരുന്നുലഭിച്ചിട്ടില്ലെന്നാണ് നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓ.ഫാർമസിയിൽ നിന്നും മരുന്നു ലഭ്യമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -ബ്ലോക്ക്,ജില്ലാ പഞ്ചായത്ത് വിഹിതം ആവശ്യത്തിന് ലഭിച്ചിട്ടില്ല

പദ്ധതി നമ്പർ *S0008/16*

അടങ്കൽ -400000/-(ധനകാര്യകമ്മീഷൻഗ്രാന്റ് ) +1,00,000(ബ്ലോക്ക്പഞ്ചായത്ത് ) +1,00,000/-(ജില്ലാ പഞ്ചായത്ത്)
ആകെ = 6,00,000/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ആകെ 6,00,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതിവിഹിതത്തിൽ നിന്നും 4,00,000/-രൂപയും,.സി.ഡി.പി.ഒ വഴി ബ്ലോക്ക്പഞ്ചായത്തിൽനിന്നും ലഭിച്ച വിഹിതം 72,000/-രൂപയുമടക്കം 4,72,000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മുഴുവൻ ലഭിക്കാത്തിനാൽ ലഭ്യമായ വിഹിതത്തിന് ആനുപാതികമായ തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സബ്സ്ഡി മാർഗ്ഗരേഖ പ്രകാരം മാനസിക/ശാരീരിക ഭിന്നശേഷിയുള്ളവർക്ക് നൽകേണ്ടിയിരുന്ന തുക ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. മാനസിക ഭിന്നശേഷിയുള്ളവർക്ക് 8800/-രൂപവീതവും ശാരീരിക ഭിന്നശേഷിയുള്ളവർക്ക് 3200/-മുതൽ 7200/- രൂപ വരെയുമാണ് അനുവദിച്ചുകാണുന്നത്. പദ്ധതി,സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം വികസന ഫണ്ടിൽ നിന്നുമുള്ള നിർബന്ധ വകയിരുത്തലിൽ ഉൾപ്പെട്ട ഈ പദ്ധതിയ്ക്കായി ഗുണഭോക്താക്കളുടെ അർഹതക്കനുസരിച്ച് തുക വകയിരുത്തുകയും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 3-8 പ്രത്യേക കന്നുകുട്ടിപരിപാലനം

പ്രോജക്ട് നം.S0032/16

നിർവ്വഹണം-വെറ്ററിനറി സർജൻ

അടങ്കൽ-വികസനഫണ്ട്--312500+സംസ്ഥാനവിഹിതം-312500 +ഗുണഭോക്തൃവിഹിതം-625000, ആകെ= 12,50,000/-

50ഗുണഭോക്താക്കൾക്ക് 6250 രൂപവീതം സബ്സിഡിയിനത്തിൽ 312500 രൂപ ട്രഷറിബില്ല് നം 1/15-26/27.10.15 പ്രകാരം പിൻവലിച്ച് എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്.(ഡിഡി നം 482689/27.10.15) പദ്ധതി പൂർത്തീകരിക്കുന്നമുറക്ക് തുകയുടെ വിനിയോഗം സംബന്ധിച്ച് എസ്എൽബിപി യിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കാലിത്തീറ്റ വാങ്ങുന്നവർക്ക് സബ്സിഡി അനുവദിച്ചത് രേഖപ്പെടുത്തുന്നതിനായി പാൽ സൊസൈറ്റി തയ്യാറാക്കി സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം ത്രേസ്യാമ്മ ജോണി,നെല്ലിപ്പാടൻ എന്ന ഗുണഭോക്താവ് 26.11.15മുതൽ 27.1.16 വരെ മൂന്നുമാസം മാത്രമാണ് സബ്സിഡി കൈപ്പറ്റിയിട്ടുള്ളത് (510 x3 =1530/-). ടി വ്യക്തി പദ്ധതിയിൽ നിന്നും ഒഴിവായിട്ടുണ്ടെങ്കിൽ അവർക്കായി കൈമാറിയ സബ്സിഡിയിൽ ബാക്കി തുക എപ്രകാരം ക്രമീകരിച്ചു എന്നതിന്റെ വിവരം എസ്എൽബിപി അധികാരികളോട് ആവശ്യപ്പെടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-9 എസ്.എസ്.എ – അധികം നൽകിയ പഞ്ചായത്ത് വിഹിതം ക്രമീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ-S0012/16
നിർവഹണ ഉദ്യോഗസ്ഥ : പ്രധാനഅദ്ധ്യാപിക
അടങ്കൽ-5,00,000/-

ചെലവ്- ഡിഡി നം482777/ 17.11.16, ₹479002/-

എസ്.എസ്.എ. യുടെ *LSG Level plan& Budget* എന്നിവ പ്രകാരം പഞ്ചായത്തിൽ *2015-16*ൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ ആകെ യൂണിറ്റ് കോസ്റ്റ് *13,68,576/-*-രൂപയും പഞ്ചായത്ത് അടയ്ക്കേണ്ടവിഹിതം ആയതിന്റെ *35%* ആയ *479002/-* രൂപയുമാണ്. ആയതനുസരിച്ച് മുകളിൽ പറഞ്ഞ പ്രകാരം എസ്എസ്എയ്ക്ക് തുക നൽകിയിട്ടുണ്ട്. എസ്.എസ്.എ. *27.5.16* ന് പഞ്ചായത്തിന് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്തിൽ എസ്എസ്എ *15-16* സാമ്പത്തികവർഷം ആകെ *8,46,287/*-രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ *35%* മാത്രമാണ് പഞ്ചായത്ത് വഹിക്കേണ്ടത്,അതായത് *296200/*-രൂപ. എസ്എസ്എയ്ക്ക് കൈമാറിയ തുകയിൽ അധികമുള്ള *1,82,802/*-രൂപ തുടർന്നുള്ള വർഷങ്ങളിലെ പഞ്ചായത്ത് വിഹിതത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി

a) വി.ഇ.ഒ ,മേലഡൂർ നടപ്പാക്കിയ ആശ്രയ (ജനറൽ), S0002/16 പ്രോജക്ട് പ്രകാരം 3,00,000/-രൂപ (ഡിഡി നം.484710/31.3.16 ) സിഡിഎസ്-ന് കൈമാറിയിട്ടുണ്ട്. ഈ തുക ആശ്രയ അക്കൗണ്ടിൽ 20.4.16 ന് വരവു വച്ചിട്ടുണ്ട്. ഒരു ഭവനനിർമ്മാണത്തിനും രണ്ട് ഭവന പുനരുദ്ധാരണത്തിനുമാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

b)ആശ്രയ ഒന്ന്,രണ്ട് ഘട്ട പ്രൊജക്റ്റുകൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ചികിത്സാധനസഹായം അനുവദിക്കുന്നതിനായി താഴെ പറയുന്ന തുകകൾ മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി,മാമ്പ്ര -യ്ക്ക് കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് | ചെക്ക് നം,തിയതി | തുക |
|---|---|---|
| ആശ്രയ I | 000520/20.5.15 | 50,000 |
| ആശ്രയ II | 010506/9.11.15 | 50,000 |
| | 010510/1.2.16 | 50,000 |

മേൽപറഞ്ഞതുകകളുടെ വിനിയോഗവിവരം,ഗുണഭോക്താക്കൾക്ക് മരുന്ന്/തുക വിതരണം ചെയ്തതിന്റെ വിവരം പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്.

c)പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആശ്രയ പദ്ധതിയുടെ ആദ്യ പ്രോജക്ടിൽ നിലവിൽ *150* ഗുണഭോക്താക്കളും രണ്ടാമത്തെ പ്രോജക്ടിൽ *73* ഗുണഭോക്താക്കളും ആണുള്ളത്. മറ്റ് വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു.

| | ആദ്യ പ്രോജക്ട് | രണ്ടാമത് പ്രോജക്ട് |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 150 | 73 |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 22 | 1 |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല | 0 |
| വീട് ആവശ്യമുള്ളവർ | 20 | 10 |
| നാളിതുവരെ ലഭിച്ചവർ | 10 | 4 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 31 | 15 |
| നാളിതുവരെ ലഭിച്ചവർ | 15 | 1 |
| കക്കൂസ് ആവശ്യമുള്ളവർ | 45 | - |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 28 | 9 |
| നാളിതുവരെ ലഭിച്ചവർ | 1 | 8 |
| കറന്റ് ആവശ്യമുള്ളവർ | 15 | - |
| നാളിതുവരെ ലഭിച്ചവർ | വിവരം ലഭ്യമല്ല | - |

ആശ്രയ ഒന്നാംഘട്ട പ്രോജക്ടിന്റെ അക്കൗണ്ടിൽ 31.3.2016ൽ 3,22,599/- രൂപയും ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിന്റെ അക്കൗണ്ടിൽ 31.3.2016ൽ 734153/- രൂപയും നീക്കിയിരിപ്പുണ്ട്. ആയതിൽ യഥാക്രമം 2,77,500/-,6,75,170രൂപ വീതം പ്ലാൻഫണ്ട് ആണ്. മേൽപട്ടിക പ്രകാരം ആദ്യ ഘട്ടത്തിന്റെ പുരോഗതി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. രണ്ടാം ഘട്ട പ്രോജക്ടിന് കാര്യമായ പുരോഗതിയായിട്ടില്ല. ആശ്രയ പദ്ധതിയിലുൾപ്പെട്ടവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ ഉത്തരവാദപ്പെട്ടവർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 ജല നിധി പ്രോജക്ട്

കേരള സർക്കാറിന്റെ ജല വിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധ ജല പദ്ധതിയാണ് ജലനിധി. സർക്കാർ രൂപവൽക്കരിച്ച സ്വതന്ത്ര സ്ഥാപനമായ കെരള റൂറൽ വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ എജൻസിയാണ് ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നി ജില്ലകളിലെ 92 ഗ്രാമ പഞ്ചായത്തുകളിലാണ് 1999 ൽ ആദ്യഘട്ടം ആരംഭിച്ചത്. 2003 ൽ പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

കുടിവെള്ള ക്ഷാമം പരിഹരിക്കുക ജലത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുക ജല വിതരണ രംഗത്ത് ജന പങ്കാളിത്തം ഉറപ്പുവരുത്തുക ആരോഗ്യ ശുചത്വ ശീലങ്ങൾ വളർത്തിയെടുക്കുക തുടങ്ങിയ കാര്യങ്ങൾ പദ്ധതി ലക്ഷ്യമാക്കുന്നു.

പദ്ധതി ആസൂത്രണം, രൂപകൽപ്പന നിർവ്വഹണം, ജല വിതരണം, സംരക്ഷണം, അറ്റകുറ്റ പണികൾ എന്നിവ ഗുണഭോക്താക്കളുടെ ചുമതലയാണ്.

ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അന്നമനട പഞ്ചായത്ത് 3,90,00,746 രൂപ നൽകിയിട്ടുണ്ട്.

എന്നാൽ പദ്ധതി എന്ന് പൂർത്തികരിക്കുമെന്നോ പദ്ധതിയിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്നതിനെ കുറിച്ചെല്ലാം ഓഡിറ്റ് എൻക്വയറി 10 ലൂടെ ആരാഞ്ഞെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് അർഹതപ്പെട്ട ഇത്രയും വലിയ തുക ഒരു പദ്ധതിക്കായി ചെലവഴിക്കുമ്പോൾ ആ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ലായെന്ന് കാണുന്നു. പഞ്ചായത്തിന്റെ പണം പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാതെ ചെലവഴിക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങളുടെ അന്തസ്സത്തക്ക് നിരക്കുന്നതല്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-12 ക്ഷേമപെൻഷൻ അനവദിക്കുന്നതിൽ കാലതാമസം

ക്ഷേമപെൻഷനുള്ള അപേക്ഷകൾ ലഭിച്ച് മാസങ്ങൾക്കുശേഷമാണ് പെൻഷൻ അനുവദിച്ചുകാണുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

വാർദ്ധക്യകാലപെൻഷൻ

| ക്രമ നം. | പേരും വിലാസവും | അപേക്ഷ ലഭിച്ച തിയതി | അംഗീകരിച്ച തിയ്യതി |
|---|---|---|---|
| 1 | രാജൻ.കെ.എൻ, കൈനിക്കര, എരയാംകുടി | 5/2015 | 8/2015 |
| 2 | ഗീവർഗ്ഗീസ്, മഞ്ഞളി, വാളൂർ | 5/2015 | 8/2015 |
| 3 | ത്രേസ്യാമ്മ പാപ്പച്ചൻ, കയ്യാല, വെസ്റ്റ് കൊരട്ടി | 5/2015 | 8/2015 |
| 4 | സുധാകരൻ, പാറയ്ക്കാപറമ്പിൽ, വാളൂർ | 5/2015 | 8/2015 |
| 5 | ഗോപിനാഥ്.എം, മച്ചിങ്ങത്ത്, അന്നമനട | 5/2015 | 8/2015 |
| 6 | മല്ലിക സുബ്രഹ്മണ്യൻ, അവണപ്പിള്ളി, അന്നമനട | 5/2015 | 9/2015 |
| 7 | പീതാംബരൻ, വാരിക്കാട്ട്, എടയാറ്റൂർ | 5/2015 | 8/2015 |
| 8 | പൗലോസ്.ടി.ടി, തേലേക്കാടൻ, പാലിശ്ശേരി | 5/2015 | 8/2015 |
| 9 | പങ്കജാക്ഷി ഗോപാലക്കുറുപ്പ്, ചേറ്റിക്കര കളരിക്കൽ, വെസ്റ്റ് കൊരട്ടി | 5/2015 | 8/2015 |
| 10 | ഇബ്രാഹിംകുട്ടി, പാത്താല, എരയാംകുടി | 5/2015 | 8/2015 |
| 11 | തോമൻ.കെ.പി, കണ്ണമ്പുഴ ഹൗസ്, വെസ്റ്റ് കൊരട്ടി | 5/2015 | 8/2015 |
| 12 | വിജയൻ മേനോൻ, കണ്ടായത്ത്, എരയാംകുടി | 5/2015 | 8/2015 |

അന്വേഷണ ഉദ്യോഗസ്ഥർ സമയബന്ധിതമായി ക്ഷേമപെൻഷൻ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ടുനൽകേണ്ടതും പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി

2015-16 വർഷത്തിൽ ടി പദ്ധതിയിൽ 1,09,16,663/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3154 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3154 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 1355 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 100 ദിവസം തൊഴിൽ ലഭ്യമായത് 187 കുടുംബങ്ങൾക്കാണ്. 214 വർക്കുകൾ ആരംഭിച്ചെങ്കിലും 139 വർക്കുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ആസ്തി സൃഷ്ടിക്കൽ വർക്കുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ആസ്തി സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. അതുപോലെ രജിസ്റ്റർ ചെയ്തിട്ടുള്ള കൂടുതൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ ശ്രമിക്കേണ്ടതും, 100 തൊഴിൽ ദിനങ്ങൾ കൂടുതൽ കുടുംബങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 60000 | ആശ്രയ | 1770561 | 590274 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 90000 | പ്രോജക്ട് നമ്പർ 12- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 80000 | 10000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 72000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 72000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, അന്നമനട | എ.സി സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, സ്ട്രീറ്റ് മൊയിൻ വലിക്കൽ ,ട്യൂബ് സെറ്റ് സ്ഥാപിക്കൽ | DDNO-484352 തിയതി 19.3.2016 | 233449 | 233449 | 0 |
| കെ.എസ്.ഇ.ബി, കൊരട്ടി | " | DDNO-484353 തിയതി 19.3.2016 | 39140 | 39140 | 0 |
| കെ.ആർ.ഇ. ഡബ്ല്യൂ.എസ് | " | DDNO-484335 തിയതി 19.3.2016 | 156420 | 156420 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | Und III/TL/ Busstand DNZ/1/2010-11 | 1950000 | 479714 | 479714 | പലിശ ഉൾപ്പെടെ (EMI) | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | ഖണ്ഡിക 31.1 &2 | 35920 | തോമസ് കെ.കെ<br>മുൻ മെമ്പർ<br>ഓണറേറിയം തിരിച്ചടച്ചത് | 11508100702 /30.05.15 |
| 2013-14 | ഓഡിറ്റ് നിർദ്ദേശം<br>(തൊഴിൽ നികുതി) | 1250 | വക്കച്ചൻ എം.ഡി<br>മലബാർ പോട്ടറീസ് | 11508100691 /29.5.15 |
| 2012-13 | ഖണ്ഡിക 2-3 (ടെണ്ടർ ഫോം ബാലൻസ്) | 1470 | സുന, അസി.എഞ്ചിനീയർ | 11508100325 /25.04.15 |
| 2012-13 | ഖണ്ഡിക 3-1 (ചൂരപ്പുറത്തുകുന്ന് sc കോളനി ഓഡിറ്റോറിയം റിനോവേഷൻ) | 9173 | സുന, അസി.എഞ്ചിനീയർ | 11508100659 /26.05.15 |

ഈയിനത്തിലുള്ള വരവും വാർഷിക ധനകാര്യപത്രിക RP-10 പ്രകാരമുള്ള വരവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹90243112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹103228214 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,00,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,00,000 | ഡോ.ശ്യാമള.കെ.കെ, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| ആകെ | 1,00,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 71-72 മുതൽ 79-80 വരെ | എൽ.എഫ്.ടി.12-93/92 തിയതി. 15.01.02 | |
| 80-81 | എൽ.എഫ്.ടി.12-1525/83 തിയതി. 19.07.85 | |
| 81-82 | എൽ.എഫ്.ടി.12-110/85 തിയതി. 20.09.86 | |
| 82-83 | എൽ.എഫ്.ടി.12-385/87 തിയതി. 14.07.87 | |
| 83-84 | എൽ.എഫ്.ടി.911/91 തിയതി. 03.07.92 | |
| 84-85 | എൽ.എഫ്.ടി.1835/89 തിയതി. 16.01.90 | |
| 85-86 | എൽ.എഫ്.ടി.12-2091/90 തിയതി. 26.02.91 | |
| 86-87, 87-88 | എൽ.എഫ്.ടി.12-1130/92 തിയതി. 19.03.93 | |
| 88-89, 89-90 | എൽ.എഫ്.ടി.12-775/94 തിയതി. 10.10.94 | |
| 90-91 | എൽ.എഫ്.ടി.12-775/96 തിയതി. 13.02.96 | |
| 91-92 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 | |
| 92-93 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 | |
| 93-94 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 | |
| 94-95 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 | |
| 95-96 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 | |
| 96-97 | എൽ.എഫ്.ടി.13-853/04/ 29.11.04/29.11.04/09.03.05 | |
| 96-97 (ചെലവ്) | എൽ.എഫ്.ടി.13-834/03 തിയ്യതി15.07.03 | |
| 97-98 | എൽ.എഫ്.ടി.13-1109/99/ 28.02.2000/ 08.06.2000 | |
| 98-99 | എൽ.എഫ്.ടി.13- 948/2000/ 03.11.2000/11.12.2000 | |
| 99-2000, 2000-01, 2001-02 (പദ്ധതി) | എൽ.എഫ്.ടി.13- 1083 /15.11.03 | |
| 99-2000 (വരവ് | എൽ.എഫ്.ടി.13- 656/06/ 03.07.06/ 30.12.06 | |

| | | |
|---|---|---|
| ചെലവ്) | | |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 657/06/15.11.03 | |
| 2001-02 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 3/07/ 07.04.07/ 10.08.07 | |
| 2002-03 | എൽ.എഫ്.ടി.13- 1021/ 21.08.09 | |
| 2003-04 | എൽ.എഫ്.ടി.13- 1022/08/ 21.08.09 | |
| 2004-05 | എൽ.എഫ്.ടി.13-426/09/ 07.05.10 | |
| 2005-06 | എൽ.എഫ്.ടി.13-1610/09/ 23.07.10 | |
| 2006-07 | എൽ.എഫ്.ടി.13-1611/09/ 23.07.10 | |
| 2007-08 | എൽ.എഫ്.ടി.13-994/10/ 10.02.11 | |
| 2008-09 | എൽ.എഫ്.ടി.13-995/10/ 07.09.11 | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.4- 97/12/ 21.05.12/10.08.12 | |
| 2011-12 | എൽ.എഫ്.ടി.പി.4-375/13/ 16.05.13/ 01.11.13 | |
| 2012-13 | എൽ.എഫ്.ടി.പി.4- 453/14 | |
| 2013-14 | കെ.എസ്.എ ടി.സ്.ആർ (പി 4) 1183/15 തിയതി 8.10.15 / 16.10.15 | |
| 2014-15 | കെ.എസ്.എ ടി.സ്.ആർ (പി 4)1049/16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ ജില്ല

## അനുബന്ധം-1

## AUDIT CERTIFICATE

No. KSA-TSR(P4)2106/2016

Kerala State Audit Department

District Audit Office,
Thrissur- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 30.01.2017

Certified that I have audited the Annaual Fianacial Statement of Annamanada Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Annamanada Gramapanchayath for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ(പി4)2106/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 30.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.